# പ്രകൃതി ദുരന്തങ്ങള്: 2010ല് 222 ബില്യണ് ഡോളര് നഷ്ടം

**ജിബി വര്ഗ്ഗീസ് മീനടം**

ന്യൂയോര്ക്ക് : പ്രകൃതിദുരന്തങ്ങളുടെ കാഠിന്യം മൂലം ഭൂമി പിറകോട്ടടിക്കപ്പെട്ട വര്ഷമായിരുന്നു 2010-ത്തെന്ന് പഠനങ്ങള്. ഭൂകമ്പങ്ങള്, ഉഷ്ണകാറ്റ്, വെള്ളപൊക്കം, അഗ്നിപര്വതസ്ഫോടനങ്ങള്, അത്യുഗ്രന് ചുഴലികൊടുങ്കാറ്റുകള്, ഹിമവാതം, മണ്ണിടിച്ചില്, വരള്ച്ച തുടങ്ങിയ പ്രകൃതിദുരന്തങ്ങളില് പെട്ട് കാല് മില്യണില് അധികം മനുഷ്യജീവനുകളാണ് കഴിഞ്ഞ വര്ഷത്തില് നഷ്ടമായത്. ഇതിനുപുറമെ സ്ഥാവരജംഗമവസ്തുകളുടെ നാശനഷ്ടകണക്കുകള് വേറെയും. കഴിഞ്ഞ വര്ഷമുണ്ടായ പ്രകൃതിദുരന്തങ്ങളുടെ ആകെ തുക ഏകദേശം 222 ബില്യണ് ഡോളറോളം വരുമെന്നാണ് കണക്ക്. ഇതുവരെ റിക്കാര്ഡ് ചെയ്യപ്പെട്ടതില് വച്ച് ഏറ്റവും അധികം പ്രകൃതിദുരന്തങ്ങള് ഒരുമിച്ചുണ്ടായത് 2010-ലാണെന്ന് യുഎസ് ഫെഡറല് എമര□ജന്സി മാനേജ്മെന്റ് ഏജന്സി പുറത്തിറക്കിയ റിപ്പോര്ട്ടില് പരാമര്ശിച്ചിരിക്കുന്നു.

2010 ജനുവരിയില് ഹെയ്ത്തിയില് 220,000 പേരുടെ മരണത്തിനിടയാക്കുകയും നിരവധി പേര്ക്ക് ഉറ്റവരെയും ഉടയവരെയും തങ്ങളുടെ സ്വത്തുകളും നഷ്ടമാക്കിയ ഭൂകമ്പത്തോടെയായിരുന്നു കഴിഞ്ഞ വര്ഷത്തെ പ്രകൃതിദുരന്തപരമ്പരകളുടെ തുടക്കം . തുടര്ന്ന് ഫെബ്രുവരിയില് ഹെയ്ത്തിയില് ഉണ്ടായതിനെകാളും 500 തവണ ശക്തിയേറിയ ഭൂകമ്പം ചിലിയിലുണ്ടായി. ജനവാസം കുറഞ്ഞമേഖലയിലാണ് ഭൂകമ്പമുണ്ടായതെന്നതിനാല് മരണസംഖ്യ 1000-ല് ഒതുങ്ങി. എന്നാല് ചിലിയന് ഭൂകമ്പത്തില് ഭൂമിയുടെ അച്ചുതണ്ടിന് സ്ഥാനചലനമുണ്ടായതായി ഭൗമശാസ്ത്രജ്ഞര് അന്ന് വെളിപ്പെടുത്തിയിരുന്നു. ചൈന, തുര്ക്കി, ഇന്തോനേഷ്യ, തുടങ്ങിയ രാജ്യങ്ങളില് സാധാരണയിലും അധികമായി 20 തവണയിലേറെ പ്രാവശ്യം റിക്ടര് സ്കെയിലില് 7.0 രേഖപ്പെടുത്തിയ തുടര്ചലനങ്ങള് കഴിഞ്ഞവര്ഷം ഉണ്ടായതായാണ് കണക്ക്. കഴിഞ്ഞ വര്ഷം ലോകത്ത് പലഭാഗത്തുണ്ടായ ചെറുതും വലുതമായ ഭൂചലനങ്ങളുടെ എണ്ണം 20,000-ത്തോളം വരും.

റഷ്യയില് ആഞ്ഞടിച്ച ഉഷ്ണകാറ്റായിരുന്നു മറ്റൊരു ദുരന്തപ്രതിഭാസം. ഉഷ്ണകാറ്റില് അഗ്നിബാധയുണ്ടായി റഷ്യയിലെ ഏക്കറുകണക്കിന് വനമേഖലയാണ് കത്തിനശിച്ചത്. കൂടാതെ ഈ ഉഷ്ണകാറ്റിന്റെ അനന്തരഫലമായി പാക്കിസ്ഥാനില് വെള്ളപ്പൊക്കമുണ്ടാകുകയും 62000 സ്വകയര് മൈലുകള് വെള്ളത്തിനടിയിലാകുകയും ചെയ്തു. ഉഷ്ണകാറ്റിലും കൊടുങ്കാറ്റിലും അതിന്റെ അനന്തരഫലമായുണ്ടായ പെരുവെള്ളത്തിലും ഉള്പ്പെട്ട് 17,000 പേര്ക്കാണ് ലോകത്താകമാനം ജീവഹാനിയുണ്ടായത്. ഇതില് വെള്ളപ്പൊക്കം മൂലം

മരണപ്പെട്ടവരുടെ എണ്ണം 6,300-ല് അധികം വരും. പാക്കിസ്ഥാനു പുറമെ യുഎസ്, ചൈന, ഇറ്റലി, ഫിലിപ്പിയന്സ്, ഇന്ത്യ, കോളംബിയ, ചാഡ് തുടങ്ങിയ രാജ്യങ്ങളില് ചുഴലിക്കാറ്റും പേമാരിയും വെള്ളപ്പൊക്കവും മൂലം നിരവധി മനുഷ്യജീവനുകള് നഷ്ടപ്പെടുകയുണ്ടായി. പെരുമഴയെ തുടര്ന്നുണ്ടായ മണ്ണിടിച്ചിലിലും ഉരുള്പൊട്ടലിലും പെട്ട് ജീവഹാനി സംഭവിച്ചവര് നിരവധിയാണ്.

കഴിഞ്ഞ വര്ഷം ലോകത്ത് പലസ്ഥലത്തും റിക്കാര്ഡ് ഹിമപാതമാണുണ്ടായതെന്ന് കണക്കുകള് സൂചിപ്പിക്കുന്നു. സ്നോ അര്മ്മഗദോന് എന്ന വിളിപേരാണ് കഴിഞ്ഞ വര്ഷത്തെ മഞ്ഞുവീഴ്ച്ചയുടെ അളവിന് അധികൃതര് നല്കിയിരിക്കുന്ന നാമം. യുഎസ്, യൂറോപ്പ്യന് രാജ്യങ്ങള് , റഷ്യ, ചൈന തുടങ്ങിയ സ്ഥലങ്ങളിലുണ്ടായ മഞ്ഞുവീഴ്ച്ചയില് ലോകത്തിന്റെ പകുതിഭാഗം തന്നെ ദിവസങ്ങളോളം നിശ്ചലമായെന്നു പറയാം.

ഹിമപാതം പോലെ ലോകത്താകമാനം ഏറ്റവും കൊടുംചൂട് രേഖപ്പെടുത്തിയ വര്ഷങ്ങളിലൊന്നാണ് 2010. 18 രാജ്യങ്ങളില് ഇതുവരെ രേഖപ്പെടുത്തിയതില് വച്ച് ഏറ്റവും കൂടിയ ചൂട് കഴിഞ്ഞ കൊല്ലം രേഖപ്പെടുത്തുകയുണ്ടായത്രേ. കൊടുംചൂടിനെ തുടര്ന്നുണ്ടായ വരള്ച്ച മൂലം കുടിവെള്ളക്ഷാമവും ഭഷ്യക്ഷാമവും വിലക്കയറ്റവും ലോകത്തിന്റെ പലഭാഗത്തും വര്ധിച്ചിരിക്കുകയാണ്.
ഐസ്ലാണ്ടില് കഴിഞ്ഞ ഏപ്രിലുണ്ടായ അഗ്നിപര്വത വിസ്ഫോടനം മൂലം ആഴ്ചകളോളമാണ് യൂറോപ്പ്യന് വ്യോമഗതാഗതമേഖല നിശ്ചലമായത്. ഏഴ് മില്യണ് പേരുടെ യാത്രയെ ഇത് ബാധിച്ചതായാണ് കണക്ക്. കൂടാതെ സാമ്പത്തിക നഷ്ടം വേറെയും. ഇതുകൂടാതെ കോംഗോ, ഗ്വാട്ടിമാല, ഇക്വാഡോര് ഫിലിപ്പിയന്സ്, ഇന്തോനേഷ്യ എന്നിവിടങ്ങളിലും കഴിഞ്ഞ വര്ഷം അഗ്നിപര്വതവിസ് ഫോടനങ്ങളുണ്ടായി. അഗ്നിപര്വതസ്ഫോടനങ്ങള് മൂലം കാര്യമായ ആള്നാശമുണ്ടായില്ലെങ്കിലും നിരവധി പേര്ക്ക് തങ്ങളുടെ ജീവന് സംരക്ഷിക്കുന്നതിന് വേണ്ടി സ്വഭവനങ്ങളും സ്വത്തുക്കളും ഉപേക്ഷിക്കേണ്ടി വന്നു.

കഴിഞ്ഞ ഒറ്റ വര്ഷത്തെ പ്രകൃതദുരന്തങ്ങള് ആഗോളസാമ്പത്തിക മേഖലയ്ക്ക് വരുത്തി വച്ച നഷ്ടം 222 ബില്യണ് ഡോളറില് അധികം വരുമെന്നാണ് കണക്ക്. രണ്ടുവര്ഷമായി തുടരുന്ന ആഗോളസാമ്പത്തിക മാന്ദ്യമെന്ന എക്കണോമിക്ക് അര്മ്മഗദോനിനോപ്പം 2010-ലെ പ്രകൃതിദുരന്തപരമ്പരകളും ചേര്ന്നതോടെ ഇനിയെന്തെന്ന ആശങ്കയോടെയാണ് ലോകരാജ്യങ്ങള് 2011-നെ ഉറ്റുനോക്കുന്നത്.